പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 35

09.03.2015 ൽ മറുപടിക്ക്

## ഐ.എ.എസ്./ഐ.പി.എസ് ഉദ്യോഗസ്ഥർ

ചോദ്യം: ശ്രീ. എം.ഹംസ

ഉത്തരം : ശ്രീ.ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

**(എ)** കേരളത്തിൽ എത്ര ഐ.എ.എസ്./ ഐ.പി.എസ് ഓഫീസർമാരുണ്ട്; ഇവർക്കായി നീക്കി വച്ച തസ്തികകൾ എത്രയാണ്;

**(എ)** കേരളത്തിൽ ഇപ്പോൾ 99 ഐ.എ.എസ്. ഉദ്യോഗസ്ഥരുണ്ട്. കേരളത്തിൽ ഐ.എ.എസ്. ഓഫീസർമാർക്കായി 126 സീനിയർ ഡ്യൂട്ടി തസ്തികകളും 31 സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ തസ്തികകളും 20 ജൂനിയർ റിസർവ്വ് / ലീവ് റിസർവ്വ് തസ്തികകളുമുൾപ്പെടെ ആകെ 177 തസ്തികകളാണ് നീക്കിവച്ചിട്ടുള്ളത്.

കേരളത്തിൽ ഇപ്പോൾ 92 ഐ.പി.എസ്. ഓഫീസർമാരുണ്ട്. കേരളത്തിലെ ഐ.പി.എസ്. ഓഫീസർമാർക്കായി 89 സീനിയർ ഡ്യൂട്ടി തസ്തികകളും 22 സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ തസ്തികകളും 14 ജൂനിയർ റിസർവ്വ് /ലീവ് റിസർവ്വ് തസ്തികകളുമുൾപ്പെടെ ആകെ 125 തസ്തികകളാണ് നീക്കിവച്ചിട്ടുള്ളത്.

**(ബി)** ഈ സർക്കാർ വന്നതിനുശേഷം എത്ര ഐ.എ.എസ്./ഐ.പി.എസുകാർ കേന്ദ്രത്തിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാറിപോയിട്ടുണ്ട്;

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31 IAS ഉദ്യോഗസ്ഥരും 14 IPS ഉദ്യോഗസ്ഥരും കേന്ദ്രത്തിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാറിപോയിട്ടുണ്ട്.

**(സി)** അതിൽ എത്ര പേർ തിരിച്ച വന്നിട്ടുണ്ട്;

**(സി)** അതിൽ ആരും തന്നെ തിരിച്ച വന്നിട്ടില്ല.

**(ഡി)** ഐ.എ.എസ്., ഐ.പി.എസ്. സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ വന്നതിനുശേഷം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെതിരെ; എന്തിനെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

**(ഡി)** മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## ഐ.എ.എസ്. / ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | അച്ചടക്ക നടപടി സംബന്ധിച്ച വിശദാംശങ്ങൾ |
|---|---|---|
| 1 | ശ്രീ. ടി.ഒ.സൂരജ് IAS | വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. സൂരജിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അന്വേഷണ വിധേയമായി ടിയാനെ സസ്പെന്റ് ചെയ്തിരിക്കുകയാണ്. |
| 2 | ശ്രീ. ബി.അശോക് IAS | (1) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർക്കെതിരെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് സർവകലാശാലാ ചാൻസലർക്ക് കത്തയച്ചതുമായി ബന്ധപ്പെട്ട് ശ്രീ. ബി.അശോക് ഐ.എ.എസ്-നെതിരെ അച്ചടക്ക നടപടി നിലവിലുണ്ട്. |
| | | (2) സർക്കാർ നയങ്ങളെ വിമർശിച്ച് ലേഖനം പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. ബി.അശോക് ഐ.എ.എസ്-നെതിരെ അച്ചടക്ക നടപടി നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടി ഉദ്യോഗസ്ഥന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. |
| 3 | ശ്രീ. ടോം ജോസ് IAS | ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ ഉറവിടം സംബന്ധിച്ച ശ്രീ. ടോം ജോസ് ഐ.എ.എസ്-നെതിരെ വകുപ്പുതല അന്വേഷണം നിലവിലുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആഭ്യന്തര വിജിലൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറിയായ ശ്രീമതി. നളിനി നെറ്റോ ഐ.എ.എസ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 4 | ശ്രീ. ജോസ് ഐസക് IAS | വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ പനമരം ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ യൂണിറ്റിനായി കെട്ടിടം നിർമ്മിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് ഐസക് ഐ.എ.എസ്-നെതിരെ അച്ചടക്ക നടപടി തുടർന്ന് വരുന്നു. |
| 5 | ശ്രീ. ടോമിൻ ജെ.തച്ചങ്കരി, IPS | സർക്കാർ അനുമതി ഇല്ലാതെ വിദേശയാത്ര നടത്തിയതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും അഖിലേന്ത്യാ സർവ്വീസ് ചട്ടപ്രകാരം അന്വേഷണം നടത്തുകയും തുടർന്ന് 09.10.2013 ലെ G.O.(Rt.) No. 8213/2013/GAD സർക്കാർ ഉത്തരവ് പ്രകാരം ടി ഓഫീസർക്ക് കർശന താക്കീത് നൽകിക്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. |
| 6 | ശ്രീ. ഇ.ജെ.ജയരാജ്, IPS | അഖിലേന്ത്യാ സർവ്വീസ് പെരുമാറ്റ ചട്ടലംഘനത്തിന്റെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി നടത്തിയ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ടി ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി 08.05.2013 ലെ G.O.(Rt.) 3797/13/GAD സർക്കാർ ഉത്തരവു പ്രകാരം കർശന താക്കീത് നൽകി തീർപ്പാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| 7 | ശ്രീ. വി.സി. മോഹനൻ, IPS | 2012 ലെ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച ഗതാഗത തടസ്സം സൃഷ്ടിച്ചതിന്റെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് അന്നത്തെ തിരുവനന്തപുരം ഡെപ്യൂട്ടി പോലീസ് കമ്മീഷണറായിരുന്ന ടി ഓഫീസർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് ടി ഓഫീസർ ചാർജ് മെമ്മോയ്ക്ക് സമർപ്പിച്ച മറുപടി പരിശോധിച്ച് 08.11.2012 ലെ G.O.(Rt.) No. 9299/12/GAD സർക്കാർ ഉത്തരവു പ്രകാരം അച്ചടക്ക നടപടി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |
| 8 | ശ്രീ. ജി.ലക്ഷ്മൺ, IPS | (i) സർക്കാർ അനുമതി ഇല്ലാതെ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ജോലി സ്വീകരിച്ചതിന്റെ പേരിൽ അച്ചടക്ക നടപടി ആരംഭിക്കുകയും പ്രസ്തുത അച്ചടക്ക നടപടി 29.05.2013 ലെ G.O.(Rt.) No. 4387/13/GAD സർക്കാർ ഉത്തരവുപ്രകാരം ഓഫീസർക്ക് കർശന താക്കീത് നൽകി തീർപ്പാക്കിയിട്ടുണ്ട്. |
| | | (ii) ശ്രീ. ജി.ലക്ഷ്മൺ, IPS, SAP ബറ്റാലിയന്റെ കമാണ്ടന്റ് ആയി ജോലി ചെയ്ത കാലയളവിൽ സർക്കാർ ഫണ്ടും, സ്വകാര്യ ഫണ്ടും ദുരുപയോഗം ചെയ്തു എന്ന ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിപ്പോർട്ടിലെ ശുപാർശപ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടർന്നു വരുന്നു. |
| 9 | ശ്രീ. എസ്. ശ്രീജിത്ത്, IPS | (i) കെ.എ.റൗഫ് എന്ന വ്യക്തിയുമായി ശ്രീ. എസ്.ശ്രീജിത്ത്, IPS നുള്ള ബന്ധവും അതു സംബന്ധിച്ച ആരോപണങ്ങളുമായും ബന്ധപ്പെട്ട് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും അഖിലേന്ത്യാ സർവ്വീസ് ചട്ടപ്രകാരം അന്വേഷണം നടത്തിയിട്ടുമുണ്ട്. പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട് സർക്കാരിനു ലഭിച്ച റിപ്പോർട്ട് പരിശോധിച്ച് 06.12.2014 ലെ G.O.(Rt.) No. 9436/14/GAD നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഓഫീസർക്ക് കർശന താക്കീത് നൽകിക്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. |
| | | (ii) ശ്രീ. എസ്.ശ്രീജിത്ത്, IPS കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന കാലത്ത് ശ്രീ. ടൈറ്റസ് മേയൻ എന്ന വ്യക്തിയെ കുവൈറ്റിലെത്തിച്ച് കുവൈറ്റ് ജയിലിൽ അടച്ച സംഭവവുമായി ടി ഓഫീസർക്ക് പങ്കുണ്ട് എന്ന ആരോപണവുമായി ബന്ധപ്പെട്ട് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും അതുമായി ബന്ധപ്പെട്ട് നൽകിയ ചാർജ് മെമ്മോയ്ക്ക് ടി ഓഫീസർ സമർപ്പിച്ച മറുപടി സ്വീകരിച്ചുകൊണ്ട് 22.08.2014 ലെ G.O.(Rt.) No. 6680/14/GAD സർക്കാർ ഉത്തരവുപ്രകാരം അച്ചടക്ക നടപടി ഒഴിവാക്കിയിട്ടുണ്ട്. |
| 10 | ശ്രീ. ബി.എസ്. മുഹമ്മദ് യാസിൻ, IPS | സമ്പത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് CBI റിപ്പോർട്ടിലെ ശുപാർശ പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും എന്നാൽ ഈ കേസിൽ CBI തുടരന്വേഷണം നടത്തുന്നതിനാൽ ടി ഓഫീസർക്ക് നൽകിയ ചാർജ് മെമ്മോ സർക്കാർ പിൻവലിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 11 | ശ്രീ. വിജയ് എസ്. സാഖറെ, IPS | സമ്പത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് CBI റിപ്പോർട്ടിലെ ശുപാർശപ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും എന്നാൽ ഈ കേസിൽ CBI തുടരന്വേഷണം നടത്തുന്നതിനാൽ ടി ഓഫീസർക്ക് നൽകിയ ചാർജ് മെമ്മോ സർക്കാർ പിൻവലിച്ചിട്ടുണ്ട്. |
| 12 | ശ്രീ. കെ.ബി.ബാലചന്ദ്രൻ, IPS (Rtd.) | കൊല്ലം റൂറൽ പോലീസ് സൂപ്രണ്ടായിരുന്നപ്പോഴുള്ള അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ലഭിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ (VE/12/12/SRT) ശുപാർശയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |
| 13 | ശ്രീ. രാഹുൽ ആർ.നായർ, IPS | പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടായിരിക്കെ ക്വാറി ഉടമയിൽ നിന്നും 17 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടർ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |
| 14 | ശ്രീ. ജേക്കബ് ജോബ്, IPS | പേരാമംഗലം പോലീസ് സ്റ്റേഷൻ ക്രൈം. നം. 173/2015 ന്റെ അന്വേഷണത്തിൽ അനധികൃതമായി ഇടപെട്ടു എന്ന ആരോപണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ റേഞ്ച്, IG സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസറെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ